**മലയാള കാർട്ടൂണിന് 100 വർഷം തികയുന്ന സന്ദർഭത്തിൽ കൂട്ടുകാർക്ക് പഠനാർഹമായ ഒരു വിവരണം**

# മലയാളത്തിലെ കാർട്ടൂണുകൾ

**• ഹസ്സൻ കോട്ടേപ്പറമ്പിൽ**




മലയാളത്തിലെ ആദ്യത്തെ കാർട്ടൂൺ ചിത്രം 1919
മാസിക – വിദൂഷകൻ

**1919–ൽ** കൊല്ലം പറവൂരിൽ നിന്നും പി.എസ്. ഗോവിന്ദപ്പിള്ളയുടെ പത്രാധിപത്യത്തിൽ 'വിദൂഷകനി'ൽ ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിച്ച മഹാക്ഷാമദേവതയാണ് മലയാളത്തിൽ അച്ചടിച്ചുവന്ന ആദ്യകാർട്ടൂൺ എന്ന് പറയപ്പെടുന്നു. യുദ്ധക്കെടുതി വിഷയമാക്കി മലയാളത്തിൽ ഇറങ്ങിയ ആദ്യ കാർട്ടൂണിൽ വരച്ചയാളുടെ പേര് കൊടുത്തിരുന്നില്ല. പത്രാധിപർ കൂടിയായ പി.എസ്. ഗോവിന്ദപ്പിള്ള തന്നെയാണ് ഈ കാർട്ടൂണിന്റെ സൃഷ്ടികർത്താവ് എന്ന് പറയപ്പെടുന്നു.

വിദൂഷകന്റെ പിൻതലമുറക്കാരായ നിരവധി ആനുകാലികങ്ങളിൽ കാർട്ടൂണുകൾ പ്രത്യക്ഷപ്പെട്ടു. തമാശ, സരസൻ, രസികൻ, പുഞ്ചിരി, നാരദൻ, നർമ്മദ, അമിട്ട് തുടങ്ങിയ ആനുകാലികങ്ങളിലും കാർട്ടൂണുകൾ വരക്കുവാൻ ആരംഭിച്ചു. 1930 വരെ ഹാസ്യമാസികകളിൽ പ്രത്യക്ഷപ്പെട്ടിരുന്ന കാർട്ടൂണുകൾ പതിയെ പത്രമാധ്യമങ്ങളിൽ കൂടുതലായി പ്രത്യക്ഷപ്പെട്ടു തുടങ്ങി.

▸▸ ഇന്ത്യയിൽ കടൽത്തീരമുള്ള സംസ്ഥാനങ്ങളുടെ എണ്ണം– ഒൻപത്

കൊല്ലത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'മലയാള രാജ്യം' ദിനപത്രത്തിൽ കാരിക്കേച്ചറുകൾ വരച്ചായിരുന്നു. കാർട്ടൂണിസ്റ്റ് ശങ്കർ രംഗപ്രവേശനം ചെയ്തത്. 1932-ൽ ഹിന്ദുസ്ഥാൻ ടൈംസിൽ ചേർന്ന് കാർട്ടൂണുകൾ വരച്ചതോടെ ശങ്കറെ ലോകം ശ്രദ്ധിക്കുവാൻ തുടങ്ങി. ബോംബെ കോണിക്കിൾ, ഇന്ത്യൻ ന്യൂസ് ക്രോണിക്കിൾ എന്നിവയിലും വരച്ചു.

ശങ്കറിന്റെ കാർട്ടൂണുകൾ കൂലിനത്വമുള്ള സ്ട്രോക്കുകളും നിശിതമായ വിമർശനങ്ങളും കൊണ്ട് സമ്പുഷ്ടമായിരുന്നു. ഉന്നത പഠനത്തിന് വേണ്ടി ഇംഗ്ലണ്ടിലേക്ക് പോയ അദ്ദേഹം ലോക പ്രസിദ്ധനായ ഡേവിസ് ലോയുടെ കീഴിൽ പരിശീലനം നേടിയിരുന്നു. 1946-ന് ശേഷം സ്വന്തമായി 'ശങ്കേഴ്സ് വീക്കിലി' ആരംഭിക്കുകയും മലയാളത്തിലെ നിരവധി കാർട്ടൂണിസ്റ്റുകൾക്ക് തന്റെ കീഴിൽ വരക്കാൻ അവസരം നൽകുകയും ചെയ്തു. 1980 ഡിസംബറിൽ അദ്ദേഹം ലോകത്തോടു വിട പറയുമ്പോൾ പത്മഭൂഷൺ, പത്മവിഭൂഷൺ നൽകി രാജ്യം ആദരിച്ചിരുന്നു.

ശങ്കറിന്റെ കാലഘട്ടത്തിൽ തന്നെയാണ്




ശങ്കർ

'സഞ്ജയൻ' മാസികയിൽ വരച്ചിരുന്ന എം.ഭാസ്കരൻ, മലയാള മനോരമയിലും സരസനിലും മറ്റും വരച്ചിരുന്ന കെ.എസ്.പിള്ള, മലയാളി മാസികയിൽ നിന്ന് സുകുമാർ, ജനാർദ്ദനൻ എന്നിവരും 'നർമ്മദയിൽ' നിന്ന് ആർട്ടിസ്റ്റ് രാഘവൻ നായർ, മറ്റു പ്രസിദ്ധീകരണങ്ങളിൽ വരച്ചിരുന്ന സീരി, 'മലയാള മനോരമ'യിൽ വരച്ചിരുന്ന ടോംസ്, തോമസ് യേശുദാസൻ (മനോരമ), അരവിന്ദൻ, ബി.എം.ഗഫൂർ (മാതൃഭൂമി), ശങ്കരൻ കുട്ടി, സോമനാഥൻ, മലയാറ്റൂർ രാമകൃഷ്ണൻ, ഒ.വി. വിജയൻ തുടങ്ങി നിരവധി പേർ മലയാള പ്രസിദ്ധീകരണങ്ങളിൽ ഉദിച്ചുവന്നത്.

## കാർട്ടൂണിന്റെ ജനനം

Carten എന്ന ഇറ്റാലിയൻ വാക്കിൽ നിന്നാണ് എന്നും Cartoo എന്ന ഫ്രഞ്ച് വാക്കിൽ നിന്നാണെന്നും കാർട്ടൂൺ എന്ന പദം ഉണ്ടായതെന്നും രണ്ടാഭിപ്രായമുണ്ട്. ആദ്യക്കാലത്ത് കട്ടി കൂടിയ കടലാസിൽ (Cartoon) ചിത്രങ്ങൾ വരച്ചുകൊണ്ടാണ് ഇതിന് കാർട്ടൂൺ എന്ന പേര് വന്നതെന്നും പറയപ്പെടുന്നു. ഒന്നിലേറെ കാരിക്കേച്ചറു



ടോംസ്



ബി.എം. ഗഫൂർ



*ഡേവിഡ് ലോ*

കൾ ചേർത്തുവെച്ച് അതിന് രസകരമായ കമന്റുകൾ ചേർത്ത് വെച്ചാണ് ആദ്യകാല കാർട്ടൂണുകൾ ഉണ്ടായതെന്ന് പറയപ്പെടുന്നു. യുദ്ധകാർട്ടൂണുകളിലൂടെ പ്രശസ്തി നേടിയ ഡേവിഡ് ലോ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധേയനായ കാർട്ടൂണിസ്റ്റായിരുന്നു. ആധുനിക കാർട്ടൂൺ കലയുടെ ആചാര്യനായി ലോകം വിശേഷിപ്പിച്ച ഡേവിഡ് ലോ ഹിറ്റ്ലറെ അതിനിശിതമായി അധിക്ഷേപിച്ച് കാർട്ടൂണുകൾ വരച്ചിരുന്നു.

## കാരിക്കേച്ചർ

അതിശയോക്തി നിറഞ്ഞതും മനുഷ്യനിലെ പൊരുത്തക്കേടുകളെ വക്രീകരിച്ചും വരക്കുന്ന ഹാസ്യാത്മക ചിത്രങ്ങളാണ് കാരിക്കേച്ചറുകൾ, വ്യക്തികളിലെ രൂപ സാദൃശ്യങ്ങളെ ചിരി വിരിയുന്ന വരകളിലൂടെ അവതരിപ്പിക്കുമ്പോഴാണ് കാരിക്കേച്ചറുകൾ ഉണ്ടാവുന്നത്.

17-ാം നൂറ്റണ്ടിൽ ഇറ്റലിയിലെ മോസിനി പ്രസിദ്ധീകരിച്ച ഡൈവേഴ്സ് ഫിഗറിൽ കാരിക്കേർ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ഇറ്റാലിയൻ പദമായ കാറിക്കാറ്ററ്വാ (Caricatcira) എന്ന പദത്തിൽ നിന്നുമാണ് കാരിക്കേച്ചർ ഉണ്ടായതെന്നും അഭിപ്രായമുണ്ട്. 1646-ൽ മോസിനിയാണ് ആദ്യമായി കാരിക്കേച്ചർ എന്ന പദം ഉപയോഗിച്ചതെന്നും അഭിപ്രായമുണ്ട്.

ഇറ്റലിയിലെ ആഡംബര ശീലക്കാരെ പരിഹസിക്കാനാണ് ആദ്യകാലങ്ങളിൽ 'കാരിക്കേച്ചറുകൾ ഉപയോഗിച്ചിരുന്നത്.

കേരളത്തിൽ നിന്ന് വളർന്ന് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ട കാരിക്കേച്ചറിസ്റ്റാണ് തോമസ് ആന്റണി. കാരിക്കേച്ചർ വരച്ച് റിക്കാർഡിട്ട സജ്ജീവ് ബാലകൃഷ്ണൻ, ബഷീർ കിഴിശ്ശേരി, കമ്പ്യൂട്ടറിലും ലൈവായും കാരിക്കേച്ചർ വരക്കുന്ന രതീഷ് രവി തുടങ്ങി നിരവധി പേർ കാരിക്കേച്ചറിൽ ഇന്ന് സജീവമായി നിൽക്കുന്നു.

## കാർട്ടൂൺ കോമിക്സ്

സാഹസികവും ഉദ്വേഗജനകവുമായ



**ബോബനും മോളിയും** *ടോംസിന്റെ മലയാളിയുടെ മനംകവർന്ന കാർട്ടൂൺ കഥാപാത്രങ്ങൾ*

▸▸ ഇന്ത്യ ഏറ്റവുമധികം കര അതിർത്തി പങ്കുവെക്കുന്ന രാജ്യം – ബംഗ്ലാദേശ്

കഥകൾ ചിത്രകഥയുടെ രൂപത്തിൽ കുട്ടികളിലെത്തുമ്പോൾ അത് അവരുടെ വായനാശീലത്തെ ത്വരിതപ്പെടുത്തുന്നു. ഫാന്റവും മാൻഡ്രേക്കും മിക്കിമൗസും ശിക്കാരി ശംഭുവും പൂച്ചപോലീസുമൊക്കെ കുട്ടികളുടെ കൂട്ടുകാരായിത്തീർന്നിരുന്നു. ഗുണപാഠ കഥകളും സർവഗുണസമ്പന്നരായ ചരിത്രപുരുഷന്മാരുടെ കഥകളും കട്ടികളുടെ മനസ്സിൽ വേരൂന്നാൻ കാർട്ടൂൺ കോമിക്സിലൂടെ കഴിയുന്നു.

## എഡിറ്റോറിയൽ കാർട്ടൂൺ

തമാശയും അതിലുപരി ഗൗരവമുറ്റിയ പ്രതിഷേധങ്ങളും സൂക്ഷ്മമായി എഡിറ്റോറിയൽ കാർട്ടൂണിൽ വരച്ചുചേർക്കുന്നു.

കേരളത്തിലെ പത്രമാധ്യമങ്ങൾ ആദ്യകാലത്ത് തന്നെസ്റ്റാഫ് കാർട്ടൂണിസ്റ്റുകൾക്ക് അവസരം നൽകിയിരുന്നു. പത്രത്തിലെ എഡിറ്റോറിയൽ കാർട്ടൂണുകൾ വരക്കാനുള്ള ചുമതല ഈ സ്റ്റാഫ് കാർട്ടൂണിസ്റ്റുകൾക്കായിരുന്നു.






കാരിക്കേച്ചർ

1940-കളിൽ മലയാള പത്രങ്ങളിലെല്ലാം കാർട്ടൂണുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. കാർട്ടൂണുകൾ എല്ലാം പത്രങ്ങളിലേയും അവിഭാജ്യഘടകമായി.

1950-ൽ മലയാള മനോരമയുടെ പത്രത്താളുകളിൽ കാർട്ടൂണുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി.

## നവമാധ്യമങ്ങളും കാർട്ടൂണും

ഫേസ്ബുക്ക്, വാട്ട് സാപ്പ് പോലുള്ള നവമാധ്യമങ്ങളിൽ കാർട്ടൂൺ വരച്ച് ശ്രദ്ധനേടുന്ന നിരവധി കാർട്ടൂണിസ്റ്റുകൾ നമുക്കുണ്ട്. വെബ് ന്യൂസ് പോർട്ടലുകൾ വന്നതോടെ ധാരാളം കാർട്ടൂണുകൾ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. രാജു നായർ കൈകാര്യം ചെയ്യുന്ന 'കാർട്ടൂൺ സ്ലോപ്പ്' എന്ന പംക്തി പുതിയ കാർട്ടൂണിസ്റ്റുകൾക്ക് അവസരങ്ങൾ നൽകുന്നു.

▸▸ ഏറ്റവും കൂടുതൽ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനം– ജമ്മു കാശ്മീർ